(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2124/16 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യലയം,
തിരുവനന്തപുരം, തീയതി: 16.12.2016

Phone No: 0471-2331231

Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- കോട്ടുകാൽ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ.

പകർപ്പ്:

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2124/2016 തീയതി: 16.12.2016

## തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04.07.2016 മുതൽ 04.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി ന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 05.11.2016 മുതൽ 14.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീ.പത്മകുമാർ.എസ്.എൽ, ഓഡിറ്റ് ഓഫീസർ<br>ശ്രീ.അജിത്കുമാർ.ആർ.കെ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ശ്രീജിത്ത്.എസ്.കെ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി . അജിത എ.പി.<br>ഓഡിറ്റർ(08.11.2016 വരെ ) |

(ബി) നിർവ്വഹണാധികാരികൾ (ok)

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബി.ശിവകുമാർ | 01-04-2015 മുതൽ 30-11-2015 വരെ |
| | റ്റി.സജി. | 01.12.2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീ.എസ്.സജീവ് ലാൽ | 01-04-2015മുതൽ 31-03-2016 വരെ |

നിർവ്വഹണ ഉദ്യോസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സ്റ്റീഫൻ.റ്റി.എം | 01-04-15മുതൽ 31-03-16 വരെ |
| വെറ്ററിനറി സർജൻ | ഡോ.വി.എ.അനിൽ കുമാർ | 01-04-15 മുതൽ 31-03-16 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി.ലത.എ | 01-04-15 മുതൽ 31-03-16 വരെ |
| വി.ഇ.ഒ. (സൗത്ത് സർക്കിൾ) | ശ്രീമതി.എസ്.ബിന്ദു | 01-04-15മുതൽ 31-09-15 വരെ |
| വി.ഇ.ഒ.(നോർത്ത് സർക്കിൾ) | ആർ. ആർ. രാജ് കുമാർ<br>ശ്രീമതി.സംഗീത.സി.എസ്<br>ആർ .എസ്.മനോജ്. | 01-10-15മുതൽ 09-03-16വരെ<br>09-02-15 മുതൽ 31.03.16<br>10-03-16 മുതൽ |

| | | |
|---|---|---|
| മെഡിക്കൽഓഫീസർ. (പി.എച്ച്.സി,) | ഡോ.ചിന്താ സുകുമാരൻ | 01-04-15 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.വി.കെ.ലേഖ | 01-04-15 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സിമി.കെ.രാജു | 01-04-15 മുതൽ 31-03-16 വരെ |
| ഹെഡ്മിസ്ട്രസ്സ്, ഗവ.യു. പി.എസ്. ചൊവ്വര | ശ്രീമതി.കെ. രമണി. | 01-04-15 മുതൽ 31-03-16 വരെ |
| അസി.എൻജിനീയർ | ശ്രീമതി.പി.വസന്ത കുമാരി | 01-04-15മുതൽ 31-03-16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |

| | | | |
|---|---|---|---|
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | മാർക്കറ്റ് ലേല നടപടി ക്രമങ്ങളിലെ അനാസ്ഥ നഷ്ടം ₹ 53668/- | 2-1 | |
| 13 | മൊബൈൽ ടവർ-വസ്തു നികുതി പിരിക്കുന്നതിലെ വീഴ്ച | 2-2 | |
| | ഭാഗം - 3 | | |
| 14 | ഔദ്യോഗിക വാഹനം വാടകയ്ക്ക് എടുത്തതിൽ അധിക നിരക്ക് നൽകി ₹ 7970/- നിരാകരിക്കുന്നു. | 3-1 | |
| 15 | അധിക തുക പിൻവലിച്ച് നൽകി ₹ 750/- നിരാകരിക്കുന്നു | 3-2 | |
| 16 | മെഡിക്കൽ ഓഫീസറുടെ പ്രോജക്ട് - തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു. | 3-3 | |
| | ഭാഗം - 4 | | |
| 17 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 18 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 19 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| 20 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 21 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 22 | ഓഡിറ്റ് റിക്കവറി | 4-6 | |
| 23 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 24 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 25 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 26 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28-03-2015 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയി ട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.(ok)

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2015 | 30-06-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 07.11.2016 | കെ.എസ്.എ.റ്റി.വി.എംഎഫ് |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ്

ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം (ok)

മുന്നിരിപ്പ് : 42383621

വരവ് : 71685043

ആകെ : 114068664

ചെലവ് : 98892654

നീക്കിയിരിപ്പ് : 15176010

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | റ്റി.സി | ആകെ | ചെലവ് | നീക്കി യിരിപ്പ് | % |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 8001971 | 10936963 | 5593455 | 24532389 | 24532389 | | 100 |
| വികസനഫണ്ട് എസ്.സി.പി. | 4388430 | 4660720 | | 9049150 | 9049150 | | 100 |
| വികസനഫണ്ട് ടി.എസ്.പി | 0 | 2000 | | 2000 | 2000 | | 100 |
| 13-ാം ധന കാര്യകമ്മീ ഷൻ ഗ്രാന്റ് | 5545656 | 9069805 | -2665328 | 11950133 | 11950133 | | 100 |
| പെർഫോ മൻസ് ഗ്രാന്റ് | 5307676 | 2928127 | -2928127 | 5307676 | 5307676 | | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | 438112 | 14717096 | | 15155208 | 15155208 | | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1820040 | 3985299 | | 5805339 | 5805339 | | 100 |
| സാക്ഷരത | 1753 | 86900 | | 88653 | 79320 | 9333 | 89.47 |
| എം.എൻ.ആർ. ഇ.ജി.എസ്. | 92924 | 777587 | | 870511 | 859906 | 10605 | 99.97 |
| ശുചിത്വ മിഷൻ | 695000 | 0 | | 695000 | 600000 | 95000 | 86.33 |
| ICDS | 350696 | 357750 | | 708446 | 495071 | 213375 | 69.88 |
| വരൾച്ച ദുരിതാശ്വാസം | 0 | 80000 | | 80000 | 80000 | 0 | 100 |
| ജനറൽ പർപ്പസ് ഫണ്ട് | 6370850 | 9706970 | | 16077820 | 10961357 | 5116463 | 68.17 |
| തനതു ഫണ്ട് | 9370513 | 11047506 | | 20418019 | 10686785 | 9731234 | 52.33 |
| ബി ഫണ്ട് | 0 | 1828320 | | 1828320 | 1828320 | 0 | 100 |
| RGPSA | 0 | 1500000 | | 1500000 | 1500000 | 0 | 100 |
| ആകെ | 42383621 | 71685043 | | 114068664 | 98892654 | 15176010 | 86.69 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 230 | 108466946 | 223 | 80714515 | - | 7 | 74.413 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| *നികുതി വരവുകൾ* | | | | |
| തൊഴിൽ നികുതി | 2903100 | 3075490 | 172390 | +5.94 |
| കെട്ടിട നികുതി | 7223669 | 5432082 | 1791587 | -24.80 |
| പരസ്യനികുതി | 1000 | 0 | 1000 | -100 |
| *നികുതിയേതര വരവുകൾ* | | | | |
| മാർക്കറ്റ് ലേലം | 283816 | 264766 | 19050 | -6.71 |
| വാടക | 84157 | 121082 | 36925 | +43.88 |
| ഡി & ഒ ലൈസൻസ് | 154220 | 180950 | 26730 | +17.33 |
| മറ്റുവരവുകൾ | 2651620 | 1973136 | 678484 | -25.58 |
| ആകെ | 13155419 | 11047506 | 2254076 | -17.13 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1378320 | 801 |
| കർഷകതൊഴിലാളി പെൻഷൻ | 7440120 | 924 |
| വിധവാപെൻഷൻ | 12020480 | 1229 |
| വാർദ്ധക്യകാലപെൻഷൻ | 9360330 | 1281 |
| വികലാംഗപെൻഷൻ | 5168910 | 491 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 256080 | 29 |

| | | |
|---|---|---|
| | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 450000 | 15 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 05-11-2016 തീയതിയിൽ 11.15 am ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി പരിശോധനയിൽ 8228/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. രജിസ്റ്ററുകളും ഫയലുകളും മികച്ച രീതിയിൽ പരിപാലിച്ചിട്ടുണ്ട്. നിർബന്ധിത പദ്ധതിയായ പാലിയേറ്റീവ് കെയർ അർഹരായവർക്ക് ഗുണകരമായ രീതിയിൽ നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-08-2016 | 01-07-2016 – 31-07-2016 | 25-10-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-03-2015 | 2009-10 to 2013-2014 | 05-08-2015 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മാർക്കറ്റ് ലേല നടപടിക്രമങ്ങളിലെ അനാസ്ഥ തനത് ഫണ്ട് നഷ്ടം - ₹ 53668/-

2015-16 വർഷത്തെ മാർക്കറ്റ് ലേല നടപടികളുടെ രേഖകൾ (ലേല ഡയറി, രജിസ്റ്റർ, ലേല പരസ്യം എന്നിവ) പരിശോധിച്ചപ്പോൾ കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ പ്രധാന മാർക്കറ്റ് ആയ ഉച്ചക്കട മാർക്കറ്റിൽ ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ശ്രീ.അബ്ദുൾ റഷീദ്, ചൂണ്ടവിള വീട്, കണ്ടല.പി.ഒ എന്നയാൾക്ക് ₹ 3,11,000/-ക്ക് ലേലം സ്ഥിരപ്പെടുത്തികൊടുത്തിട്ടുണ്ട്. എന്നാൽ ഈ ആവശ്യത്തിന് ടിയാൻ ഹാജരാക്കിയ സോൾവൻസി സർഫിക്കറ്റ് കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിൽ ഹാജരാക്കുന്നതിലേക്ക് വേണ്ടി മാത്രമായിട്ടാണ് നൽകിയിരിക്കുന്നത്. ഇക്കാരണത്താൽ ലേല കുടിശ്ശിക ₹ 53668/- ശ്രീ അബ്ദുൾ റഷീദ് നാളിതുവരെ

പഞ്ചായത്തിൽ അടച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.2 മറുപടി നൽകിയിട്ടില്ല.

തെറ്റായ സോൾവൻസി സർഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ലേലം സ്ഥിരപ്പെടുത്തിക്കൊടുത്തതും നിർദ്ദിഷ്ട സമയത്ത് ലേല കുടിശ്ശിക അടക്കാതിരുന്നപ്പോൾ ഗേറ്റ് ഫീസ് പിരിക്കുന്നത് തടയുന്നതിന് നടപടിയെടുക്കാതിരുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുള്ള ഗുരുതരമായ വീഴ്ചയും ജാഗ്രതക്കുറവുമാണ്. ശ്രീ.അബ്ദുൾ റഷീദിൽ നിന്നും ലേല കുടിശ്ശിക പലശയുൾപ്പെടെ ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരായ സെക്രട്ടറി, സെക്ഷൻ ക്ലർക്ക് എന്നിവരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 2-2 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി പിരിക്കുന്നതിലെ വീഴ്ച തനതു ഫണ്ടിന് ഭീമമായ നഷ്ടം.

ജി.ഒ.(ആർ.റ്റി) നം.19/11 – 14.01.2011 പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാരപരിധിയിൽ വരുന്ന പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും ചതുരശ്ര മീറ്ററിന് 400/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടതാണ്. എന്നാൽ കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നുമുള്ള വസ്തു നികുതി ഈടാക്കുന്നതിൽ നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടാകുന്നില്ല. കഴിഞ്ഞ വർഷത്തെ റിപ്പോർട്ടിലും ഈ വിഷയം സംബന്ധിച്ച പരാമർശം ഉണ്ടായിരുന്നെങ്കിലും (പാര. നം.2-5) ഇതിന്മേൽ പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുമുള്ള ഈ അനാസ്ഥ തനതുഫണ്ട് വരുമാനത്തിൽ ഭീമമായ നഷ്ടം ഉണ്ടാക്കുന്നു. ഈ വിഷയം സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയേയും അറിയിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഔദ്യോഗിക ആവശ്യത്തിന് വാഹനം വാടകയ്ക്ക് എടുത്തത് - അധിക നിരക്ക് നൽകി. 7970/-രൂപ നിരാകരിക്കുന്നു.

വൗച്ചർ നം. - 21500117
തുക - 22400
ഡി.ഡി.നം. - 004516/19.05.15
ഡ്രൈവറുടെ പേര് - ബിജു.എസ്. KL-20E -572

ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ അതത് സമയത്ത് സർക്കാർ നിശ്ചയിക്കുന്ന നിരക്കിലാണ് വാടക നൽകേണ്ടത് (see pay revision 2014). നിലവിൽ കിലോമീറ്ററിന് 15 രൂപയാണ് സർക്കാർ നിശ്ചയിച്ചി രിക്കുന്ന നിരക്ക് (G.O(P)No.74/14/Trans. Dt.17.10.14).

കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ ഔദ്യോഗിക വാഹനം തകരാറിലായി വർക്ക് ഷോപ്പിലായപ്പോൾ 13.03.2015 മുതൽ 28.03.2015 വരെയുള്ള കാലയളവിൽ പുറമേ നിന്നും വാഹനം വാടകയ്ക്ക് എടുത്ത് ഓടിയിരുന്നു. പ്രസ്തുത യാത്രകൾക്ക് നിലവിലെ അംഗീകരിച്ച നിരക്കിൽ നിന്നും അധികരിച്ച നിരക്കിൽ വാടക വൽകിയത്കൊണ്ട് 7970/-രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| തീയതി | വാഹനം ഓടിയ ദൂരം | നൽകേണ്ട തുക | നൽകിയത് | അധികം നൽകിയത് |
|---|---|---|---|---|
| 13.03.2015 (11AM – 6.30 PM) | 90 | 90 x 15 = 1350 | 1900 | 550 |

| | | | | |
|---|---|---|---|---|
| 16.03.15<br>(9AM – 8 PM) | 110 | 110 x 15 = 1650 | 2600 | 950 |
| 21.03.15<br>(1AM – 6.45 PM) | 102 | 102 x 15 = 1530 | 2000 | 470 |
| 23.03.15<br>(11.45AM–6.30 PM) | 85 | 85 x 15 = 1275 | 2600 | 1325 |
| 24.03.15<br>(10.45AM–9 PM) | 120 | 120x 15 = 1800 | 2600 | 800 |
| 25.03.15<br>(9AM – 8 PM) | 180 | 180 x 15 = 2700 | 2900 | 200 |
| 26.03.15<br>(8 AM– 8 PM) | 110 | 110 x 15 = 1650 | 2600 | 950 |
| 27.03.15<br>(9 AM– 7 PM) | 80 | 80 x 15 = 1200 | 2600 | 1400 |
| 28.03.15<br>(9.30 AM–8.30 PM) | 85 | 85 x 15 = 1275 | 2600 | 1325 |
| | | 14430 | 22400 | 7970 |

പ്രസ്തുതKL-20E -572 തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-2 അധിക തുക പിൻവലിച്ച് നൽകി - 750/-രൂപ തിരികെ ഈടാക്കേണ്ടതാണ്. അധിക തുക പിൻവലിച്ച് നൽകി - 750/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

വൗച്ചർ നം. - 21500035
തുക - 12100
ഡി.ഡി.നം. - 002952/23.04.15

2015 ജനവരി, ഫെബ്രുവരി മാസങ്ങളിൽ നടന്ന ജനറൽ കമ്മിറ്റികളിൽ പങ്കെടുത്തവർക്ക് ഭക്ഷണം വാങ്ങി നൽകിയ വകയിൽ ആകെ 12,100/-രൂപ പിൻവലിച്ച് ശ്രീ.രാജു, പ്രൊപ്രൈറ്റർ, ഐശ്വര്യ ഫാസ്റ്റ് ഫുഡ്, പെരിങ്ങമ്മലക്ക് നൽകിയിരുന്നു (ബിൽ നം.684). എന്നാൽ ആകെ 11350/-രൂപയുടെ ബിൽ മാത്രമാണ് ശ്രീ.രാജു നൽകിയിട്ടുള്ളത്. കൂടാതെ അദ്ദേഹം നൽകിയ അപേക്ഷയിലും 11350/-രൂപ മാത്രമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 16.012015 | - | 2125 |
| 31.01.2015 | - | 2500 |
| 03.02.2015 | - | 2100 |
| 11.02.2015 | - | 2125 |

| | | |
|---|---|---|
| 21.02.2015 | - | 2500 |
| ആകെ | | 11350<br>====== |

അധികം നൽകി 750/-രൂപ ശ്രീ.രാജുവിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-3 മെഡിക്കൽ ഓഫീസറുടെ പ്രോജക്റ്റ് - തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്ക് വേണ്ടിയുള്ള തുക ട്രഷറിയിൽ നിന്നും ക്യാഷ് ആയി പിൻവലിക്കുകയും മെഡിക്കൽ ഓഫീസറുടെ പേരിൽ എസ്.ബി.റ്റി-യിൽ തുടങ്ങിയിട്ടുള്ള അക്കൗണ്ടിൽ (അക്കൗ.നം.67173323709) ഇടുകയും ചെലവുകൾക്ക് അനുസൃതമായി ചെക്ക് വഴി പിൻവിക്കുകയുമാണ് ചെയ്യുന്നത്. 2015-16 സാമ്പത്തിക വർഷം മാർച്ച് 31-ന് അക്കൗണ്ടിൽ 1,47,782/-രൂപ ബാലൻസ് ഉണ്ടായിരുന്നു. ഈ തുക സഞ്ചിത നിധിയിൽ തിരിച്ച് പിടിച്ചിട്ടില്ല. ഇത് ജി.ഒ.(പി)177/2006 ധനം.12.04.2006 ഉത്തരവിന്റെ ലംഘനമാണ്. ഓഡിറ്റ് എൻക്വയറി 8 പ്രകാരം ആവശ്യപ്പെട്ട മറുപടിയിൽ 2014-15 വർഷം ബ്ലോക്കിൽ നിന്ന് രണ്ടര ലക്ഷം രൂപ കിട്ടിയതിനാലാണ് 2015-16 സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ ഇത്രയും തുക ബാലൻസ് വന്നത് എന്നുള്ള മറുപടിയാണ് ലഭ്യമായത്. പ്രസ്തുത മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആവശ്യങ്ങൾക്ക് മാത്രം തുക പിൻവലിച്ച് ചിലവഴിക്കേണ്ടതും സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ബാലൻസ് തുക സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതാണ്.

*(ബി) പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ*

1. ജി.ഒ(പി)177/2006.ധനം. 12.04.2006 പ്രകാരം യഥാർത്ഥ വിനിയോഗത്തിനു മാത്രമേ ട്രഷറിയിൽ നിന്നും തുക പിൻവലിക്കാവൂ. എന്നാൽ പ്രോജക്റ്റ് തുക പൂർണ്ണമായും പിൻവലിച്ച് അക്കൗണ്ടിൽ ഇടുന്നു.
2. ആയിരം രൂപയിൽ അധികമുള്ള ചെലവ് ഡി.ഡി.ആയി മാത്രമേ നൽകാവൂ. എന്നാൽ എല്ലാ ചെലവുകൾക്കും ചെക്ക് നൽകുന്നു.
3. പ്രോജക്ടുകൾ സ്പിൽ ഓവറായി നടത്തപ്പെടുന്നു.
4. പാലിയേറ്റീവ് പ്രോജക്റ്റിൽ ചെലവ് ഇനം തിരിച്ചിട്ടില്ല.
5. പി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ 2015-16 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് പ്രോജക്റ്റിന്റെ തുക, തനത് ഫണ്ട് ചെക്ക് നം.3091826, തീയതി. 16.10.15 പ്രകാരം സ്വീകരിച്ച് ബാങ്ക് അക്കൗണ്ടിൽ ഇട്ടു.

മേൽ പറഞ്ഞ അപാകതകൾ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ വരുത്തരുതെന്ന് ഓഡിറ്റ് കർശനമായി നിർദ്ദേശിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ok)

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം | 2015-16 | 2,25,000 | എസ്.സി. ഭവന പുനരുദ്ധാരണം | 2,25,000 | 2,25,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക്.നമ്പർ, തീയതി | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | കോട്ടുകാൽ കുടിവെള്ള പദ്ധതി | 81400046 VrNo: 21500355 27.07.2015 | 4,00,000 | 0 | 4,00,000 |
| കെ.എസ്.ഇ.ബി | കുഴിവിളക്കോണം ഐ.എച്ച്.ഡി.പി. കോളനി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 81300273 Vr.No: 21301913 28.03.2014 | 24,775 | 0 | 24,775 |
| കെ.എസ്.ഇ.ബി | വാർഡുകളിലെ വൈദ്യുതി ലൈൻ നീട്ടൽ പദ്ധതി | 81400087 Vr.No: 21400927 30.09.2014 | 3,88,952 | 0 | 3,88,952 |
| കെ.എസ്.ഇ.ബി | വാർഡുകളിലെ വൈദ്യുതി ലൈൻ നീട്ടൽ പദ്ധതി | Vr No:21401591 28.02.2015 | 5,91,882 | 0 | 5,91,882 |
| കെ.എസ്.ഇ.ബി | | 81400246 Vr No: 21401593 02.03.2015 | 6,06,100 | 0 | 6,06,100 |
| കെ.എസ്.ഇ.ബി | എസ്.സി വാർഡുകളിലെ വൈദ്യുതി ലൈൻ നീട്ടൽ പദ്ധതി | 81400233 Vr No: 21401632 06.03.2015 | 1,46,475 | 0 | 1,46,475 |
| കെ.എസ്.ഇ.ബി | | 81400235 Vr No: 21401633 06.03.2015 | 1,14,115 | 0 | 1,14,115 |
| കെ.എസ്.ഇ.ബി | ശ്രീ നാരായണഗുരു നഗർ ബീച്ച് റോഡ് ആഴിമല പോസ്റ്റ് ഷിഫ്റ്റിംഗ് | 81400287 Vr No: 21401654 10.03.2015 | 73,577 | 0 | 73,577 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ്-13 | 81400286 Vr No: 21401661 10.03.2015 | 1,02,211 | 0 | 1,02,211 |
| കെ.എസ്. ഇ.ബി | ഫാമിലി വെൽഫയർ സെന്റർ ഇലക്ട്രി ഫിക്കേഷൻ | 81400288 Vr No: 21401662 10.03.2015 | 98,500 | 0 | 98,500 |
| കെ.എസ്. ഇ.ബി | വാർഡുകളിലെ വൈദ്യുതി ലൈൻ നീട്ടൽ, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | VrNo:21401743, 30.03.2015 | 5,61,178 | 0 | 5,61,178 |
| കെ.എസ്. ഇ.ബി | | 81400367 Vr No: 21401778 31.03.2015 | 1,54,835 | 0 | 1,54,835 |
| കെ.എസ്. ഇ.ബി | | 81400376.Vr.No. 21401820 31.03.2015 | 3,28,556 | 0 | 3,28,556 |
| കെ.എസ്. ഇ.ബി | വാർഡുകളിലെ വൈദ്യുതി ലൈൻ നീട്ടൽ പദ്ധതി | 81400374. Vr No. 21401803 31.03.2015 | 3,29,419 | 0 | 3,29,419 |
| PWD ഇലക്ട്രിക്കൽ സെക്ഷൻ | ഹോമിയോ ആശുപത്രി റീ വയറിംഗ് | 81400391 Vr No. 21401784 31.03.2015 | 68,000 | 0 | 68,000 |
| PWD ഇലക്ട്രിക്കൽ സെക്ഷൻ | ചിന്നൻവിള കമ്മ്യൂണിറ്റിഹാൾ വയറിംഗ് | 81400361 Vr No. 21401796 31.03.2015 | 1,90,000 | 0 | 1,90,000 |
| PWD ഇലക്ട്രിക്കൽ സെക്ഷൻ | പൂങ്കുളം സി.എച്ച്.സി. റീവയറിംഗ് | 81400390. Vr No. 21401823 31.03.2015 | 2,54,250 | 0 | 2,54,250 |
| PWD ഇലക്ട്രിക്കൽ സെക്ഷൻ | അടിമലത്തുറ ഫിഷറീസ് ഓഫീസ് റീവയറിംഗ്. | 81400392. Vr No. 21401824 31.03.2015 | 82,500 | 0 | 82,500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെപേര്/ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി/ ഭവന നിർമ്മാണത്തിന് ഗ്രാമ പഞ്ചായത്ത് വായ്പഎടുത്ത ഗുണഭോക്താക്ക് അനുവദിക്കുന്നു. പലിശ സർക്കാർ ഒടുക്കുന്നു.10 വർഷമാണ് വായ്പ കാലാവധി. | 275/2010 തീയതി 27-10-2010 ത.സ്വ.ഭ.വ. | 16909500 | 7300150 | 2051255 | | 524895 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2000-01 | 22.2 | 1998മുതൽ 2004-05 വരെ യുള്ള ഓഡിറ്റ് സമാഹൃത റിപ്പോർട്ട് | | അവണാകുഴി ചന്ത ഗേറ്റ് ഫീസ് ഈടാ ക്കാത്തത് കാരണം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചത് സംബന്ധിച്ച് | റവന്യൂ റിക്കവറി നടപടികൾ ക്കായി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 113021215 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 93053188 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 53668 (ഖണ്ഡിക 27) |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8720 ( ഖണ്ഡികകൾ 3-1, 3-2) |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല് |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 53668 | - | എസ്.സജീവ് ലാൽ, സെക്രട്ടറി. |
| 3-1, 3-2 | - | 8720 | എസ്.സജീവ് ലാൽ, സെക്രട്ടറി. |

*(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

ഇല്ല

*(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നനഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| ഉദ്യോഗസ്ഥരുടെ പേര്,തസ്തിക | സ്ഥിര മേൽവിലാസം |
|---|---|
| എസ്.സജീവ് ലാൽ, സെക്രട്ടറി. | റ്റി.സി.48/956(4), മിസമ ജംഗ്ഷൻ,<br>അമ്പലത്തറ, തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97<br>1997-98<br>1998-99 | നം.എൽ.എഫ്,റ്റി.ഡി.ജി.പി.9/451763/99<br>തീയതി 13.9.2000 | 23 |
| 1999-00 | നം.എൽ.എഫ്,റ്റി.ഡി.ജി.പി.6/(എ)/768/2001<br>തീയതി 6.11.2001 | ഇല്ല |
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6(എ)/918/2002<br>തീ. 8.10.03 | 5 |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/306/2004 തീ.12.11.04 | ഇല്ല |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/1418/2004 തീ. 23.8.05 | ഇല്ല |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/610/2006 തീ.21.8.2006 | ഇല്ല |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/1/2008 തീ.18.8.2008 | ഇല്ല |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/98/2008 തീ.18.8.2008 | 1 |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/128/2009 തീ.3.8.2009 | 12 |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/940/2011 | 2 |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/941/20011<br>തീ.15.11.2011 | 2 |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/941/2011/തീ.15.4.11 | |

| | | |
|---|---|---|
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/1129/2012 തീ.10.4.13 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/539/2013 തീ.4.6.13 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/535/2014 തീ.18.6.14 | |
| 2013-14 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/417/15 തീ.16.4.2015 | |

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

എ.എൻ.27/12/16

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഭാഗം 3-ൽ പരാമർശിച്ചിട്ടുള്ള 8720/- രൂപയുടെ നിരാകരണം ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യപത്രിക കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വരവ് ചെലവ് കണക്കുകൾ താഴെ പറയുന്ന അപാകതകൾ ഒഴികെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2003 ജൂൺ 12-ലെ നമ്പർ 319/2003 ധന/തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

ന്യൂനതകൾ

1) ആകെയുള്ള ആസ്തി മൂല്യം കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല.
2) സ്റ്റോക്ക് വാല്യൂ കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.